വിശകലനം

ഫഹ്മീ ഹുവൈദി

# ഫലസ്ത്വീനികൾക്ക് റെഡ് ഇന്ത്യക്കാരുടെ ഗതി വരുമോ?

**സുരക്ഷാകാര്യങ്ങളുടെ** ഏകോപനം എന്നാണ് അമേരിക്കൻ ജനറൽ കെയ്ത്ത് ഡെയ്റ്റൻ വഹിക്കുന്ന തസ്തികയുടെ പേര്. തെൽഅവീവിൽ അമേരിക്കൻ എംബസിയോട് ചേർന്ന ഒരു കെട്ടിടത്തിലാണ് ഇദ്ദേഹത്തിന്റെ താമസം. ഫലസ്ത്വീനിലെ പടിഞ്ഞാറെകരയിലെ കാര്യങ്ങൾ ഇസ്രയേലീ താൽപര്യങ്ങൾക്ക് അനുഗുണമാം വിധം മാറ്റിയെടുക്കുക എന്നതാണ് ഡെയ്റ്റന്റെ യഥാർഥ പണി. ഇതെങ്ങനെ സാധിക്കാം എന്നതിനുമുണ്ട് മറുപടി. ചെറുത്തുനിൽപിനെ വെറുക്കുന്ന, ഇസ്രയേലുമായി സന്ധി ചെയ്യാൻ ഇഷ്ടപ്പെടുന്ന ഒരു പുതിയ ഫലസ്ത്വീനീ തലമുറയെ വളർത്തിയെടുത്തുകൊണ്ട്.

ആ ഫലസ്ത്വീനീ തലമുറ ഓർമകൾ പിഴുതുമാറ്റപ്പെട്ടവരായിരിക്കും. ഒരു ചരിത്രവും അവരെ ആവേശംകൊള്ളിക്കില്ല. അവരെ ബന്ധിപ്പിക്കുന്ന സ്വപ്നങ്ങളോ പ്രതീക്ഷകളോ ഒന്നുമുണ്ടാവില്ല. ജനങ്ങളുമായി ബന്ധം വിടർത്തിയ ഒരു ഭരണകൂടത്തെ സംരക്ഷിക്കലും മുഖ്യ ശത്രുവുമായി അനുരഞ്ജനത്തിലേർപ്പെടലും ദൗത്യമായി കരുതുന്ന ഒരു തലമുറ. എല്ലാ ചെറുത്തുനിൽപുകളും അവർക്ക് ഭീകരതയാണ്; ചെറുത്തുനിൽപ് പ്രസ്ഥാനങ്ങൾ കാലഹരണപ്പെട്ട ചരിത്രാവശിഷ്ടങ്ങളും. ഇസ്രയേലുമായി സഹകരണമുറപ്പിക്കുന്നതിലാണ് സുസ്ഥിതി ഉള്ളത്. അതിലൊരു മാനക്കേടും കരുതേണ്ടതില്ല.



മുനീർ അക്ശ്

ഇതാണ് കെയ്ത്ത് ഡെയ്റ്റന്റെ നേതൃത്വത്തിൽ അവർ ഉണ്ടാക്കിയെടുക്കാൻ ആഗ്രഹിക്കുന്ന ഫലസ്ത്വീനിയുടെ ചിത്രം. പടിഞ്ഞാറെകരയിലെ മൂന്ന് വിഭാഗങ്ങളെ കേന്ദ്രീകരിച്ചാണ് ഇവരുടെ പ്രവർത്തനങ്ങൾ. ഒന്ന്, മേഖലാ ഭരണകൂടം. രണ്ട്, സുരക്ഷാ സൈനിക വിംഗുകൾ. മൂന്ന്, സാദാ ഫലസ്ത്വീനികൾ. ഇപ്പോൾ ഡെയ്റ്റനും കൂട്ടരും പിടിമുറുക്കിയിരിക്കുന്നത് ആദ്യം പറഞ്ഞ രണ്ട് വിഭാഗത്തിലാണ്. കാരണം, മൂന്നാമത്തെ ഇനമായ സാദാ ഫലസ്ത്വീനിയെ മെരുക്കുക വളരെ പ്രയാസകരമാണെന്നും ഒരുപാട് സമയം അതിന് വേണ്ടിവരുമെന്നും അവർക്കറിയാം.

കഴിഞ്ഞ മെയിൽ വാഷിംഗ്ടൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നിയർ ഈസ്റ്റ് പോളിസി എന്ന സ്ഥാപനത്തിൽ നടത്തിയ പ്രഭാഷണ

**ഇസ്രയേലിനോട് ശത്രുതയില്ലാത്ത പുതിയ ഫലസ്ത്വീനിയെ ഉൽപാദിപ്പിക്കാൻ അമേരിക്ക നീക്കിവെച്ചത് 161 മില്യൻ ഡോളർ. ജനറൽ ഡെയ്റ്റന്നാണ് അതിന്റെ ചുമതല. കനഡ, ബ്രിട്ടൻ, തുർക്കി എന്നിവിടങ്ങളിൽ സുരക്ഷാ വിഭാഗങ്ങളുടെ സഹായവും അവർക്ക് ലഭിക്കുന്നുണ്ട്.**

ത്തിൽ, സുരക്ഷാ സൈനിക വിഭാഗങ്ങളിൽ താൻ എങ്ങനെയാണ് പുതിയ ഫലസ്ത്വീനിയെ നിർമിച്ചെടുത്തുകൊണ്ടിരിക്കുന്നതെന്ന് ജനറൽ ഡെയ്റ്റൻ വിശദമാക്കിയിരുന്നു. ചെറുത്തുനിൽപ് സംഘങ്ങളുമായി (ഭീകരസംഘങ്ങൾ എന്ന് അമേരിക്കൻ ഭാഷ്യം) യാതൊരു ബന്ധവുമില്ലാത്തവരെയാണ് ഇപ്പോൾ പടിഞ്ഞാറെകരയിലെ സുരക്ഷാ സൈനിക വിഭാഗങ്ങളിലേക്ക് റിക്രൂട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. ഇങ്ങനെ റിക്രൂട്ട് ചെയ്യപ്പെടുന്ന ഓരോ പോലീസുകാരനും അവന്റെ തൊഴിലിനോടായിരിക്കും കൂറ്; ജന്മനാടിനോടായിരിക്കില്ല. താൻ ഒരുക്കപ്പെടുന്നത് ഇസ്രയേലിനോട് യുദ്ധം ചെയ്യാനല്ലെന്നും ആ രാഷ്ട്രവുമായി സഹകരണത്തിൽ വർത്തിക്കാനാണെന്നും പരിശീലനത്തിന്റെ തുടക്കത്തിലേ ഓരോ പോലീസുകാരനെയും ബോധവത്കരിച്ചിരിക്കും. നേരത്തെ ഇസ്രയേലുമായി കൈകോർത്ത് പ്രവർത്തിച്ച പോലീസ് ഓഫീസർമാർക്കായിരിക്കും ഇവരെ മസ്തിഷ്ക പ്രക്ഷാളനം നടത്തേണ്ട ചുമതല. രണ്ട് മുഖ്യ ലക്ഷ്യങ്ങളാണ് ഇതുവഴി നേടാൻ ഉദ്ദേശിക്കുന്നത്. ഒന്ന്, സകലവിധ ചെറുത്തുനിൽപുകളെയും അലസിപ്പിക്കുക. രണ്ട്, ഫലസ്ത്വീനീ സമൂഹവും അധിനിവേശ ശക്തികളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ ഒഴിവാക്കുക.



■ 'അമേരിക്കയും കൂട്ട ഉന്മൂലനവും' എന്ന മുനീർ അക്ശിന്റെ പുസ്തകം

ചെറുത്തുനിൽപുകാരെ ആട്ടിയോടിക്കുന്നതിനോ തട്ടിക്കൊണ്ടു പോകുന്നതിനോ കൊലപ്പെടുത്തുന്നതിനോ ഈ 'പുതിയ' ഫലസ്ത്വീനീ സൈനികന് യാതൊരു മടിയും ഉണ്ടാവില്ല. ഇത്തരം സൈനിക ഓഫീസർമാരെ തലപ്പത്ത് പ്രതിഷ്ഠിക്കാനായതുകൊണ്ടാണ് ഗസ്സയെ ഇസ്രയേൽ ആക്രമിച്ചപ്പോൾ പടിഞ്ഞാറെകരയിൽ സ്ഥിതിഗതികൾ ശാന്തമാക്കി നിർത്താൻ കഴിഞ്ഞതെന്ന് ഡെയ്റ്റൻ ഊറ്റംകൊള്ളുന്നു. ഇവിടെ ഇസ്രയേലി-ഫല്സത്വീനീ ഓഫീസർമാർ പരസ്പര ധാരണയോടെയാണ് പ്രവർത്തിച്ചത്. ഗസ്സക്കെതിരെയുള്ള അതിക്രമത്തിൽ പ്രതിഷേധിച്ച് പടിഞ്ഞാറെകരയിൽ പ്രകടനം നടന്നപ്പോൾ, ഓന്നോ രണ്ടോ മണിക്കൂർ പ്രകടനക്കാരുടെ ദൃഷ്ടിയിൽ പെടാതെ മാറിനിൽക്കാൻ ഇസ്രയേൽ സൈനികരെ ഫലസ്ത്വീനീ ഓഫീസർമാർ ഉപദേശിച്ചിരുന്നുവത്രെ. ആ സമയത്ത് ഇസ്രയേലീ സൈനികർ കണ്ണിൽപെടുന്നത് ഫലസ്ത്വീനികളെ ഭയങ്കരമായി പ്രകോപിപ്പിക്കും എന്നതായിരുന്നു കാരണം. അത്ഭുതകരമായ ഇസ്രയേലീ-ഫലസ്ത്വീനീ 'പരസ്പര ധാരണ'യെക്കുറിച്ചും ഡെയ്റ്റൻ വാചാലനാവുന്നുണ്ട്. ബൈത്തുൽ ലഹം നഗരത്തിലെ സഞ്ചാര നിയന്ത്രണം എടുത്തു കളഞ്ഞത് ഇരുപക്ഷത്തെയും ഓഫീസർമാർ തമ്മിലുള്ള ധാരണയുടെ ഫലമായിട്ടാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. 2002 മുതൽ പടിഞ്ഞാറെകരയിൽ മൊത്തം സഞ്ചാരത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടും ഇവിടെ ഇളവ് അനുവദിച്ചതിന് വേറെ കാരണമൊന്നുമില്ല.

ഇസ്രയേലിനോട് ശത്രുതയില്ലാത്ത പുതിയ ഫലസ്ത്വീനിയെ ഉൽപാദിപ്പിക്കാൻ അമേരിക്ക നീക്കിവെച്ചത് 161 മില്യൻ ഡോളർ. ജനറൽ ഡെയ്റ്റനാണ് അതിന്റെ ചുമതല. കനഡ, ബ്രിട്ടൻ, തുർക്കി എന്നിവിടങ്ങളിൽ സുരക്ഷാ വിഭാഗങ്ങളുടെ സഹായവും അവർക്ക് ലഭിക്കുന്നുണ്ട്. ഫലസ്ത്വീനീ ഓഫീസർമാർക്കും സൈനികർക്കും പരിശീലനം നൽകുന്നത് ജോർദാനിൽ വെച്ച്. യൂറോപ്യൻ പോലീസ് വിംഗുമായി നിരന്തര സമ്പർക്കം പുലർത്തിപ്പോരുകയും ചെയ്യുന്നു. ഫലസ്ത്വീനി സുരക്ഷാ വിഭാഗത്തെ മാറ്റിപ്പണിയുന്നതിൽ ഇസ്രയേൽ നന്നായി താൽപര്യമെടുക്കുന്നുണ്ടെന്നും 'പുതിയ ഫലസ്ത്വീനി'യെ നിർമിച്ചാലല്ലാതെ മേഖലയിൽ സമാധാനമുണ്ടാവില്ല എന്ന് അവർക്ക് ബോധ്യപ്പെട്ടതായും തന്റെ പ്രഭാഷണത്തിനൊടുവിൽ ഡെയ്റ്റൻ പറയുന്നുണ്ട്.

**** **** **** ****

ഫലസ്ത്വീൻ നഗരങ്ങളുടെ പേരുകൾ ഇസ്രയേൽ ഹീബ്രുവിലേക്ക് മാറ്റിക്കൊണ്ടിരിക്കുന്നതും, പടിഞ്ഞാറെകരയിലെ പാഠപുസ്തകങ്ങളിൽനിന്ന് നുക്ബ(1948-ൽ ഫലസ്ത്വീൻ പിടിച്ചടക്കപ്പെട്ട ദുരന്തം)യുടെയും ഫലസ്ത്വീൻ വിമോചനപ്പോരാട്ടങ്ങളുടെയും ചരിത്രം അപ്രത്യക്ഷമാവുന്നതും ഇതോടൊപ്പം ചേർത്തു വായിക്കുക. ഫലസ്ത്വീനിയുടെ ഓർമകളെ കുഴിച്ചുമൂടുക എന്ന തിരക്കഥയാണ് അപ്പോൾ തെളിഞ്ഞു വരിക. മൂന്നു നൂറ്റാണ്ട് മുമ്പ് അമേരിക്കയിലെ റെഡ് ഇന്ത്യക്കാരുടെ മേൽ പ്രയോഗിച്ച അതേ തന്ത്രംതന്നെ.

മൂന്നു നൂറ്റാണ്ട് മുമ്പ് ഇംഗ്ലണ്ടിലെ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ ഇന്ന് അമേരിക്കൻ ഐക്യനാടുകൾ (യു.എസ്.എ) എന്നറിയപ്പെടുന്ന പ്രദേശത്ത് എത്തിച്ചേർന്നതും അവർ തദ്ദേശവാസികൾക്കെതിരെ പടിപടിയായി നടപ്പാക്കിയ ഭീകരകൃത്യങ്ങളും സിറിയൻ ഗവേഷകനായ മുനീർ അക്ശ് വിശകലനം ചെയ്യുന്നുണ്ട്. മുനീർ ഇപ്പോൾ അമേരിക്കയിലാണ് താമസം. ജുസൂർ (Bridges) എന്ന ഇംഗ്ലീഷ് മാഗസിന്റെ സ്ഥാപകൻ. ബോസ്റ്റൺ യൂനിവേഴ്സിറ്റി പ്രഫസർ. ഈ വിഷയത്തിൽ രണ്ട് പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. റെഡ് ഇന്ത്യക്കാരെ കൂട്ടത്തോടെ കൊന്നൊടുക്കിയതിനെക്കുറിച്ചുള്ള പുസ്തകം 2002ൽ ആണ് പുറത്തു വന്നത്. 'അമേരിക്കയും സാംസ്കാരിക ഉന്മൂലനവും' എന്ന രണ്ടാമത്തെ പുസ്തകം കഴിഞ്ഞ ജൂലൈയിൽ പുറത്തിറങ്ങി. ആദ്യ പുസ്തകത്തിൽ പറയുന്നത് ശാരീരിക ഉന്മൂലനം. പിന്നെയും ജീവനോടെ ബാക്കിയായവരുടെ സാംസ്കാരിക സ്വത്വത്തെ എങ്ങനെ പിഴുതുമാറ്റി എന്ന് രണ്ടാമത്തെ പുസ്തകം വിശകലനം ചെയ്യുന്നു. സാംസ്കാരിക ഉന്മൂലനം പൂർത്തിയായതോടെ പിന്നെ അവശേഷിക്കുന്നത് റെഡ് ഇന്ത്യക്കാരനല്ല; പുതിയൊരു മനുഷ്യനാണ്. വേരുകളേ ഇല്ലാത്ത, സ്വന്തക്കാരെ തിരിച്ചറിയാത്ത ഒരാൾ.

താൽപര്യമുണർത്തുന്ന ചില വിവരങ്ങൾ മുനീർ അക്ശ് നൽകുന്നുണ്ട്. ഇംഗ്ലണ്ടിലെ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ പതിനേഴാം നൂറ്റാണ്ടിൽ ഈ പുതിയ ഭൂവിഭാഗത്ത് എത്തിയപ്പോൾ അവരതിനിട്ട പേര് ഇസ്രയേൽ എന്നായിരുന്നു. അവരിലെ വിവരമുള്ളവർ സംസാരിച്ചിരുന്നത് ഹീബ്രുവായിരുന്നു. പഴയനിയമമായിരുന്നു അവരുടെ അവലംബവും വഴികാട്ടിയും. ഈജിപ്തിൽനിന്ന് ഫലസ്ത്വീനിലെ കൻആൻ ഭൂമിയിലേക്ക് പുറപ്പെട്ട ഇതിഹാസത്തിലെ ഹീബ്രുക്കാരുമായാണ് അവർ സ്വയം സാദൃശ്യപ്പെടുത്തിയിരുന്നത്. തങ്ങൾ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനതയാണെന്ന കാര്യത്തിൽ അവർക്ക് സംശയമൊന്നും ഉണ്ടായിരുന്നില്ല. പഴയ കൻആനിൽ(ഫലസ്ത്വീൻ) ദൈവേച്ഛ പുലർന്നതു പോലെ പുതിയ കൻആനിൽ(അമേരിക്ക) ദൈവേച്ഛ പുലരുന്നത് തങ്ങളിലൂടെ ആയിരിക്കുമെന്ന്

റുക്കുകയും ചെയ്യുന്നു. ഇതാണ് അവർ വളർത്തിയെടുത്ത പുതിയ റെഡ് ഇന്ത്യൻ തലമുറ.

ഇങ്ങനെ പേരുകൾ നഷ്ടപ്പെട്ട ധാരാളം റെഡ് ഇന്ത്യൻ സമൂഹങ്ങൾ ഉണ്ടവിടെ. എന്നല്ല, തങ്ങൾക്ക് അധിനിവേശകർ നൽകിയ പേരുകളേ അവർക്കിപ്പോൾ ഓർമയിലുള്ളൂ. ഇങ്ങനെ റെഡ് ഇന്ത്യൻ തലമുറകളിൽ നിക്ഷേപിക്കപ്പെടുന്നത് അധിനിവേശകരുടെ ഭാഷയും സംസ്കാരവും മതവുമൊക്കെയാണ്. റെഡ് ഇന്ത്യൻ കുഞ്ഞിന് സ്വന്തത്തോടു തന്നെ പുഛം തോന്നുന്ന അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. അവൻ അവന്റെ റെഡ് ഇന്ത്യത്വത്തെ ഭയക്കുന്നു. തന്റെ ആരാച്ചാരുടെ കണ്ണിലൂടെ ലോകത്തെ കാണാൻ ആ കുഞ്ഞ് വിധിക്കപ്പെട്ടിരിക്കുന്നു.

റെഡ് ഇന്ത്യക്കാരെ സാംസ്കാരികമായി ഇല്ലാതാക്കണമെന്ന് ആഹ്വാനം ചെയ്യുന്ന അക്കാലത്തെ പ്രമുഖരുടെ ആഹ്വാനങ്ങൾ പുസ്തകത്തിൽ എടുത്തു ചേർത്തിട്ടുണ്ട്. ഈ വിവരങ്ങൾ വായിക്കുമ്പോൾ വർത്തമാനകാലമാണ് നിങ്ങളുടെ മനസ്സിൽ ഉണ്ടാവേണ്ടത്. ഇതൊക്കെ ഇപ്പോൾ ഫലസ്തീനിൽ നടക്കുന്നതല്ലേ എന്ന് നിങ്ങൾ അമ്പരക്കാതിരിക്കില്ല. ■

വരലും ഒരു സംസ്കാരത്തെ മറ്റൊരു സംസ്കാരം കൊണ്ട് പകരം വെക്കലുമെല്ലാം ഇവിടെയും നിർബാധം നടക്കുന്നു. അവസാനം പറഞ്ഞ സാംസ്കാരിക കടന്നാക്രമണമാണ് (പുതിയൊരു റെഡ് ഇന്ത്യനെ സൃഷ്ടിക്കുക) ഇപ്പോൾ ഫലസ്തീനിൽ പരീക്ഷിക്കുന്നത്. വിശദാംശങ്ങളിലും ശൈലികളിലും മാത്രമേ വ്യത്യാസമുള്ളൂ; ലക്ഷ്യം ഒന്നു തന്നെ!

**** **** **** ****

തന്റെ പുതിയ ക്ലാസിൽ സഞ്ച് സൂക്ക് എന്ന ഒരു റെഡ് ഇന്ത്യൻ വംശജയുണ്ടെന്ന് അറിഞ്ഞപ്പോൾ പ്രഫ. മുനീർ അക്ശിന് വളരെ സന്തോഷമായി. ആ കുട്ടിയുടെ പേര് ഒന്നോ രണ്ടോ പ്രാവശ്യം പ്രഫസർ ഉച്ചത്തിൽ വിളിച്ചുനോക്കി. അവൾ വിളികേട്ടില്ല. ക്ലാസ് കഴിഞ്ഞ ശേഷം ആ കുട്ടി പ്രഫസറെ കാണാൻ വന്നു. മുഖം വല്ലാതായിട്ടുണ്ട്. ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു. "താങ്കൾ ദയവ് ചെയ്ത് എന്നെ ജനിഫർ എന്ന് വിളിക്കണം. എന്നെ ആദ്യപേര് ചൊല്ലി വിളിക്കുന്നത് എനിക്ക് ഇഷ്ടമല്ല"- അവൾ അപേക്ഷിച്ചു. റെഡ് ഇന്ത്യൻ സ്വത്വത്തെയും സ്വന്തം വേരുകളെയും അവൾ ഭയക്കുകയും വെ

അവർ ഉറപ്പിച്ചു. 'തെരഞ്ഞെടുക്കപ്പെട്ട ജനത' ആയതിനാൽ തങ്ങൾ എത്തിപ്പെട്ട നാട്ടിലെ തദ്ദേശവാസികളോട് ധാർമികതയുടെയോ നീതിന്യായത്തിന്റെയോ മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതുണ്ടെന്ന് അവർക്ക് തോന്നിയില്ല. പൗരാണിക ഹീബ്രുക്കാർക്ക് കൻആനികളോടുള്ള സ്പർധയും വിദ്വേഷവും മാത്രമായിരുന്നു അവരുടെ മനസ്സിൽ. പൗരാണിക ഹീബ്രുക്കാർ ദൈവേഛ പുലരാനായി ഫലസ്ത്വീനികളായ കൻആനികളെ കൂട്ടക്കൊല നടത്തുകയും അവരുടെ ഭൂമി പിടിച്ചെടുക്കുകയും ശേഷിച്ചവരെ അടിമകളാക്കുകയുമാണ് ചെയ്തത്.

അതിന്റെ തനിയാവർത്തനമായിരുന്നു റെഡ് ഇന്ത്യക്കാർ അധിവസിച്ചിരുന്ന അമേരിക്കയിലും അരങ്ങേറിയത്. ഹീബ്രുക്കാരുടെ കൻആൻ യാത്ര ഓർമിച്ചെടുത്തുകൊണ്ട് ഈ പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ റെഡ് ഇന്ത്യക്കാരെ കൊന്നൊടുക്കി. അവരുടെ ഭൂമി തട്ടിയെടുത്തു. പ്രൊട്ടസ്റ്റന്റുകാരുടെ പാത തന്നെയാണ് ഇസ്രയേലിലെ 'അഭിനവ ഹീബ്രുക്കാരും' പിന്തുടരുന്നത്. കൂട്ടക്കൊലയും ഭൂമി പിടിച്ചെടുക്കലും ഒരു സമൂഹത്തെ ഉന്മൂലനം ചെയ്ത് മറ്റൊരു സമൂഹത്തെ കൊണ്ടു